ചേർത്തല മണ്ഡലത്തിലെ കർഷകരുടെ കർഷക കടാശ്വാസ അപേക്ഷ

122 (3090) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ എത്ര കർഷകർക്ക് ഈ സർക്കാർ കാലയളവിൽ സാമ്പത്തിക ആനുകൂല്യം ലഭിച്ചുവെന്നും എത്ര രൂകയാണ് ലഭിച്ചതെന്നും പറയാമോ ;

(ബി) എത്ര കർഷകരുടെ കടം പൂർണ്ണമായും എഴുതിത്തള്ളിയെന്ന വ്യക്തമാക്കാമോ ; ഏതെല്ലാം ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പകളായിരുന്നുവെന്നും ഓരോ ബാങ്കുകളും എത്ര രൂക വീതമാണ് നൽകിയതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേരള കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ കർഷകരുടെ, 1125 കടക്കരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം), എ 327 ചേർത്തല കാർഡ് ബാങ്ക് (ക്ലിപ്തം), 1344 ചേർത്തല തെക്ക് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) എന്നീ ബാങ്കുകളിലെ 64 വായ്പകളിലായി 18,32,400 രൂപയുടെ കടാശ്വാസം നൽകിയിട്ടുണ്ട്.

(ബി) 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിൽ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനു മുമ്പോ കർഷകരിൽ നിന്ന് ലഭിക്കാനുള്ള ബാദ്ധ്യതയ്ക്ക് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്.

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ പദ്ധതി

123 (3091) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ;

ഉത്തരം

(എ) കേരളത്തിലെ ജൈവ കൃഷി നയം പ്രഖ്യാപിച്ചത് 10-2-2010-ലെ സർക്കാർ ഉത്തരവ് നമ്പർ 39/2010/കൃഷി പ്രകാരമാണ്. സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന പ്രദേശത്തിനും പ്രത്യേക ഊന്നൽ നല്കി ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി "സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം" എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങളും എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖല ഉദ്യോഗസ്ഥരുടെയും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെയും യോഗങ്ങൾ നടത്തി ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ കർമ്മ പരിപാടികൾ തയ്യാറാക്കിവരുന്നു. ജൈവ കാർഷിക സംസ്ഥാനമാക്കുന്ന പരിപാടിയുടെ ഭാഗമായി സസ്യരോഗ കീടനിയന്ത്രണത്തിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുക, ജൈവകൃഷിക്കാവശ്യമായ ജൈവ അവശിഷ്ട കമ്പോസ്റ്റ്, ഖരമാലിന്യങ്ങൾ, ജൈവവേലി, പച്ചില സസ്യങ്ങൾ മുതലായവ ഉറവിടത്തിൽ തന്നെ ഉല്പാദിപ്പിക്കുക, ജൈവകർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ജൈവ കർഷക ക്ലസ്റ്ററുകൾ "കേരള ജൈവ കൃഷി അതോറിറ്റി" എന്ന Special Purpose Vehicle രൂപീകരിച്ച് ഈ അതോറിറ്റിയുടെ കീഴിൽ അണിനിരത്തുക, ജൈവ ഉല്പന്നങ്ങൾക്ക് പങ്കാളിത്ത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷൻ ഏർപ്പെടുത്തുക, ഉല്പാദനോപാദികളായ ജീവാണുവളങ്ങൾ, ജീവാണു കീടരോഗ നിയന്ത്രണകാരികൾ എന്നിവ ഉല്പാദിപ്പിക്കുവാനും സംഭരണം ചെയ്യുവാനും വിപണനം ചെയ്യുവാനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി ജൈവകൃഷി പ്രോത്സാഹനം, ജൈവഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിരകമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള നടപ്പിലാക്കിവരുന്നത്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

(ബി) ഉണ്ട്.

പഞ്ചായത്തുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

124 (3092) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് വിഷമയമായ പച്ചക്കറി, മായം ചേർത്ത ഭക്ഷ്യ വസ്തുക്കളും മറ്റും ഉപയോഗിക്കുന്നതുമൂലം ക്യാൻസർ, കിഡ്നി രോഗങ്ങൾ, മറ്റ് രോഗങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പഞ്ചായത്തുകൾ തോറും ഓരോ വാർഡിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും വാർഡുകൾതോറും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പഞ്ചായത്തുകളിൽ ജൈവ രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ജൈവ രീതിയിലുള്ള കൃഷിക്ക് മുൻഗണന നല്കി ജൈവികമായി കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly